പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2950 — 18/06/2019-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ.എ.പി.അനിൽ കുമാർ:

(എ) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച ഡോ.എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ പല ശിപാർശകളും വിദ്യാഭ്യാസ അവകാശ നിയമത്തിന് ഘടകവിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) 'സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009' കേരളത്തിൽ നടപ്പിലാക്കുന്നതിനായി 06/05/2011 പ്രാബല്യത്തിൽ 30/04/2011 ലെ ജി.ഒ (പി) നം.100/2011/പൊവിവ പ്രകാരം ചട്ടങ്ങൾ രൂപവത്ക്കരിച്ചിട്ടുണ്ട്. ഇതോടെ കേന്ദ്ര നിയമം കേരളത്തിൽ നടപ്പായിട്ടുണ്ട്. എന്നാൽ നിയമം പൂർണ്ണമായി സംസ്ഥാനത്ത് സംസ്ഥാനത്ത് നടപ്പിലായി എന്ന് പറയാനാകില്ല. നിയമം സംസ്ഥാനത്ത് പൂർണ്ണ മായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിന് രൂപവത്ക്കരിച്ച ഡോ.എം.എ ഖാദർ, ചെയർമാനായ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടി സ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്.

(ബി) (സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലേയും എല്ലാതനിമകളും അതുപോലെ തന്നെ നില നിർത്തിക്കൊണ്ട് ഒരു യൂണിറ്റായി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളുമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ